പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 67 — 12.06.2013 ലെ മറുപടിക്ക്

<u>എല്ലാ ഭൂരഹിത പട്ടികജാതി കുടുംബങ്ങൾക്കും ഭൂമി</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) ഭൂരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമി എന്ന ലക്ഷ്യം കൈവരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി പട്ടികജാതി വികസന വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. പഞ്ചായത്ത് പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 1.5 ലക്ഷം രൂപയും മുൻസിപ്പൽ പ്രദേശത്ത് $1\frac{1}{2}$ സെന്റ് ഭൂമി വാങ്ങുന്നതിന് 1.75 ലക്ഷം രൂപയും കോർപ്പറേഷൻ പ്രദേശത്ത് $1\frac{1}{2}$ സെന്റ് ഭൂമി വാങ്ങുന്നതിന് 2 ലക്ഷം രൂപയുമാണ് ധനസഹായമായി അനുവദിക്കുന്നത്. |
| ബി) ഇതിനായി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തരത്തിലുള്ള എത്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) 2009 ൽ നടത്തിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ 52571 പേർ ഭൂരഹിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ നിന്നും 2010-11, 2011-12, 2012-13 വർഷങ്ങളിലായി 27,581 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.<br>2013 - 14 സാമ്പത്തിക വർഷം മുതൽ റവന്യൂ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ അപേക്ഷിച്ചിട്ടുള്ള പട്ടികജാതി വിഭാഗക്കാരിൽ നിന്നും ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതിയിൽ |

| | |
|---|---|
| | അപേക്ഷ സമർപ്പിച്ചവരിൽ 35665 പേർ പട്ടികജാതിക്കാരാണ്. ഇവരിൽ വകുപ്പ് ഈ വർഷം ലക്ഷ്യമിട്ടിട്ടുള്ള 6000 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതിക്കുള്ള ഭൂമി ഏതു വിധത്തിൽ കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; എന്ന് ലക്ഷ്യം നേടാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (സി) പ്രസ്തുത പദ്ധതി പ്രകാരം വാസയോഗ്യമായ ഭൂമി ഗുണഭോക്താക്കൾക്ക് സ്വയം കണ്ടെത്താവുന്നതാണ്. 2013-14 സാമ്പത്തിക വർഷം ലക്ഷ്യമിട്ടിട്ടുള്ള 6000 ഗുണഭോക്താക്കൾക്കും ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നതാണ്. |



സെക്ഷൻ ഓഫീസർ